പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4388 — 25.06.2019-ൽ മറുപടിക്ക്

## കോരങ്കടവ് പാലത്തിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പിറവം നിയോജക മണ്ഡലത്തിലെ കോരങ്കടവ് പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നത് സംബന്ധിച്ച് 2018 ഡിസംബറിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ; | (എ) കോരങ്കടവ് പാലം നിർമ്മാണം സംബന്ധിച്ച് 12.12.2018-ൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിയമസഭാ ചേമ്പറിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.<br>2. അതനുസരിച്ച് പ്രവൃത്തിയുടെ ശേഷിക്കുന്ന പണി പൂർത്തിയാക്കുന്നതിനായി ജനുവരി 15-നു മുമ്പ് റീടെൻഡർ ക്ഷണിക്കുക.<br>3. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി നടപടി പൂർത്തീകരിക്കുക<br>4. കരാറുകാരൻ സമ്മതിച്ച പ്രകാരം നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഫയൽ ചെയ്തിരുന്ന W.P(C)No.26659/13 നമ്പർ കേസ് പിൻവലിക്കുന്ന മുറയ്ക്ക് ടിയാനെ റിസ്ക് & കോസ്റ്റ് ഇല്ലാതെ കരാറിൽ നിന്നും ഒഴിവാക്കുക. |
| (ബി) പ്രസ്തുത യോഗതീരുമാനപ്രകാരം മന്ത്രി നിർദ്ദേശിച്ച സമയപരിധിയ്ക്കുള്ളിൽ പാലം നിർമ്മാണത്തിനുള്ള റീ-ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പൂർത്തീകരിക്കാത്തത് എന്ന് അറിയിക്കാമോ; | (ബി) പാലം നിർമ്മാണത്തിനുള്ള റീടെൻഡർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. പാലം നിർമ്മാണത്തിനുള്ള പുതുക്കിയ ഭരണാനുമതി നൽകിയത് സ.ഉ(സാധാ) നം.717/2019/ പൊ.മ.വ തീയതി 07/06/2019 പ്രകാരമാണ്. കരാറുകാരൻ ഫയൽ ചെയ്ത കേസ് പിൻവലിച്ച് കരാറുകാരനെ കരാറിൽ നിന്ന് ഒഴിവാക്കിയാൽ മാത്രമേ പാലം നിർമ്മാണത്തിനുള്ള റീടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. |

| | |
|---|---|
| (സി) അടിയന്തരമായി നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) നിലവിലുള്ള കരാറുകാരൻ കേസ് പിൻവലിച്ച് closure agreement വെച്ചാൽ ഉടൻ തന്നെ പുതുക്കിയ സാങ്കേതികാനുമതി നൽകി നടപടിക്രമങ്ങൾ പൂർത്തിയാക്കു-ന്നതാണ്. |

സെക്ഷൻ ഓഫീസർ